<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5478** **18.11.2019- ൽ** മറുപടിയ്ക്ക്

**പ്രവാസി മലയാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.വി. ജോയി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി മലയാളികളുടെ സുരക്ഷയും ക്ഷേമവും ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) | പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ നോർക്ക റൂട്ട്സ് മുഖേന ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സാന്ത്വന ധനസഹായ പദ്ധതി<br>2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)<br>3. എമർജൻസി റിപ്രാട്രിയേഷൻ പദ്ധതി<br>4. പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ (PDOP)<br>5. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>6. പ്രവാസി നിയമസഹായ പദ്ധതി (PLAC)<br>7. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി<br>8. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br>9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)<br>10. നോർക്ക എമർജൻസി റിപാട്രിയേഷൻ സ്കീമിന്റെ ഉപപദ്ധതിയായി നോർക്ക |

| | | | |
|---|---|---|---|
| | | | അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം.<br>11. നോർക്ക ഫെയർ<br>12. വനിത എൻ.ആർ.ഐ. സെൽ<br>13. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ<br>14. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്<br><br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പെൻഷൻ<br>2. കുടുംബ പെൻഷൻ<br>3. അവശതാ പെൻഷൻ<br>4. മരണാനന്തര ധനസഹായം<br>5. ചികിത്സാ ധനസഹായം<br>6. വിവാഹ ധനസഹായം<br>7. പ്രസവാനുകൂല്യം<br>8. വിദ്യാഭ്യാസ ആനുകൂല്യം<br>9. പ്രവാസി ഡിവിഡന്റ് പദ്ധതി |
| ബി) | പ്രവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ? | ബി) | പ്രവാസികൾക്ക് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>പ്രവാസി ക്ഷേമനിധിയിൽ അംഗത്വമുള്ള 60 വയസ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000/- രൂപ മിനിമം പെൻഷൻ നൽകി വരുന്നു. അഞ്ച് വർഷത്തിൽ കൂടുതൽ കാലം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിനു തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷന് അർഹതയുണ്ടായിരിക്കുന്ന |

| | | | |
|---|---|---|---|
| | | | താണ്. ഇപ്രകാരം അനുവദിക്കുന്ന പരമാവധി പെൻഷൻ 4000/- രൂപയാണ്. ഇതുകൂടാതെ അർഹരായ അംഗങ്ങൾക്ക് കുടുംബ പെൻഷനും അവശതാ പെൻഷനും അനുവദിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**